**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** **08-02-2023 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ ഡിപ്പോയിൽ നിർത്തിവച്ച ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തി വന്നിരുന്ന എത്ര ബസ് സർവ്വീസുകളാണ് കോവിഡ് മഹാമാരി ആരംഭിച്ചതിന് ശേഷം നിർത്തിവച്ചതെന്നും ഇതിൽ എത്ര സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തി വന്നിരുന്ന എട്ട് സർവ്വീസുകളാണ് കോവിഡ് മഹാമാരി ആരംഭിച്ചതിന് ശേഷം നിന്നുപോയത്. ഇതിൽ ഒരെണ്ണം പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ എത്ര ബസുകളാണ് കോവിഡ് ആരംഭിയ്ക്കുന്നതിന് മുൻപ് സർവ്വീസ് നടത്തിവന്നിരുന്നതെന്നും നിലവിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ കോവിഡ് ആരംഭിയ്ക്കുന്നതിന് മുൻപ് 3 സർവ്വീസുകൾ നടത്തിവന്നിരുന്നു. നിലവിൽ ടി റൂട്ടിൽ സർവ്വീസുകളൊന്നും നടത്തുന്നില്ല. |
| (സി) | പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തി വന്നിരുന്ന ബസ് സർവ്വീസുകൾ പുനരാരംഭിയ്ക്കാത്തത് മൂലം പൊതുജനങ്ങൾ വളരെയധികം യാത്രാക്ലേശം അനുഭവിയ്ക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ നിർത്തിവച്ച സർവ്വീസുകൾ പുനാരംരഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനസ്ഥാപിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ തയ്യാറായാൽ ഗ്രാമവണ്ടി പദ്ധതിയിലൂടെ സർവ്വീസുകൾ ആവശ്യാനുസരണം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ